# Athmaraksha.org

പ്രത്യേക അവസരങ്ങളിലെ പ്രാർത്ഥനകൾ

## രോഗികളുടെ പ്രാർത്ഥന-Sick




### രോഗികളുടെ പ്രാർത്ഥന

ആരോഗ്യവാന്മാർക്കല്ല രോഗികൾക്കാണ വൈദ്യനെക്കൊണ്ടാവശ്യം എന്നരുളിച്ചെയ്തുകൊണ്ട് രോഗികളോടും പീഡിതരോടും അവശരോടും വേദനയനുഭവിക്കുന്നവരോടും അതിയായ സ്നേഹവും പരിഗണനയും പ്രകടിപ്പിച്ച ഈശോയേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. ആത്മീയവും ശാരീരികവുമായി വേദനയനുഭവിക്കുന്ന എല്ലാ രോഗികളേയും അങ്ങുന്ന് ആശ്വസിപ്പിക്കുകയും സൗഖ്യപ്പെടുത്തുകയും ചെയ്യണമേ. അന്ധർക്ക് കാഴ്ചയും ചെകിടർക്ക് കേൾവിയും രോഗികൾക്ക് സൗഖ്യവും നല്കിയ കർത്താവേ, അങ്ങയുടെ നാമം വിളിച്ചപേക്ഷിക്കുകയും അങ്ങയിൽ ആശ്രയമർപ്പിക്കുകയും ചെയ്യുന്ന ഞങ്ങളുടെമേൽ അങ്ങുന്ന് കരുണയായിരിക്കണമേ. അങ്ങേ മാതാവായ പരിശുദ്ധ കന്യാമറിയത്തിന്റെയും വി. ഔസേപ്പിതാവിന്റേയും ഞങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥരായ വിശുദ്ധരുടേയും ഭൂമിയിലെ എല്ലാ നീതിമാന്മാരുടെയും സുകൃതങ്ങളും പ്രാർത്ഥനകളും പരിഗണിച്ച് രോഗത്താൽ വലയുന്ന ഞങ്ങളോട് അങ്ങുന്ന് കരുണ കാണിക്കണമേ. എല്ലാ വേദനകളും ആകുലതകളും ആത്മാവിനും ശരീരത്തിനും ഉപകരിക്കത്തക്കവിധം ക്ഷമയോടും സന്തോഷത്തോടും ദൈവതിരുമനസ്സിനോടുള്ള വിധേയത്വത്തോടുംകൂടി ശാന്തമായി സ്വീകരിക്കാൻ വേണ്ട അനുഗ്രഹം ഞങ്ങൾക്കു നല്കണമേ. രോഗികളുടെ ആശ്രയമായ ഈശോയേ, അങ്ങയുടെ സൗഖ്യദായകമായ വലതുകരം നീട്ടി ഞങ്ങളെ അനുഗ്രഹിക്കുകയും പൂർണ്ണ സൗഖ്യം നല്കി ഞങ്ങളെ അനുഗ്രഹിക്കുകയും ഞങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്യണമേ. നിത്യം പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ. ആമ്മേൻ.

### തിരുവചനം

കർത്താവേ എന്നെ സുഖപ്പെടുത്തണമേ, അപ്പോൾ ഞാൻ സൗഖ്യമുള്ളവനാകും. എന്നെ രക്ഷിക്കേണമേ, അപ്പോൾ ഞാൻ രക്ഷപ്പെടും, അങ്ങു മാത്രമാണ് എന്റെ പ്രത്യാശ(ജറെമിയാ 17:14).

ഞാൻ നിന്റെ കണ്ണീർ കാണുകയും പ്രാർത്ഥന കേൾക്കുകയും ചെയ്തിരിക്കുന്നു. ഞാൻ നിന്നെ സുഖപ്പെടുത്തും. മൂന്നാം ദിവസം നീ കർത്താവിന്റെ ആലയത്തിലേക്കു പോകും (2 രാജാക്കന്മാർ 20:5).

എന്റെ ദൈവമായ കർത്താവേ, ഞാനങ്ങയോടു നിലവിളിച്ച് അപേക്ഷിച്ചു. അവിടുന്ന് എന്നെ സുഖപ്പെടുത്തുകയും ചെയ്തു (സങ്കീർത്തനങ്ങൾ 30:2).

+++